**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3183** **11-03-2025 - ൽ മറുപടിയ്ക്ക്**

**കായംകുളം കായലോര ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മെഗാടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയ കായംകുളം കായലോര ടൂറിസം പദ്ധതികൾ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് കൈമാറിയിട്ടും പൊതുജങ്ങൾക്ക് പ്രയോജനകരമാകുംവിധം തുറന്ന് കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആലപ്പുഴ മെഗാടൂറിസം പദ്ധതിയിൽ ഉൾപ്പെടുന്ന കായംകുളം കായലോര ടൂറിസം പദ്ധതികൾ വകുപ്പ് പൂർത്തീകരിച്ചിട്ടുള്ളതും ആലപ്പുഴ DTPC ക്ക് കൈമാറി നൽകിയിട്ടുള്ളതുമാണ്. ടി പദ്ധതി പ്രദേശം CRZ പരിധിയിൽ ഉൾപ്പെടുന്നതിനാൽ CRZ ക്ലിയറൻസ് നേടുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ടി പദ്ധതിയുടെ ഭാഗമായി പ്രസ്തുത ടെർമിനലിന്റെ സംരക്ഷണ വേലിയുടെ നിർമ്മാണം വിനോദ സഞ്ചാര വകുപ്പ് ജില്ലാ നിർമ്മിതി കേന്ദ്രം മുഖാന്തരം പൂർത്തീകരിച്ച് വരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതികൾ പൊതുജനങ്ങൾക്ക് പ്രയോജനകരമാകുംവിധം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | കായംകുളം ഹൗസ് ബോട്ട് ടെർമിനലിനോട് ചേർന്നുള്ള ഡി.ടി.പി.സിയുടെ അമിനിറ്റി സെന്ററിനോട് ചേർത്ത് ടി പദ്ധതി പ്രദേശം പ്രവർത്തന ക്ഷമമാക്കുന്നതിനായി താത്പര്യ പത്രം ക്ഷണിക്കുന്നതിനുള്ള നടപടികൾ ഡി.ടി.പി.സി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ